**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**22 June 2018 (07 Shawwal 1439 AH)**

# "The Divine Messages of 18-19 June 2018".

# 2018 ജൂൺ 18-19 തീയതികളിൽ ലഭിച്ച ദൈവീക സന്ദേശങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **2018 ജൂൺ 18-19 തീയതികളിൽ ലഭിച്ച ദൈവീക സന്ദേശങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

റമദാൻ മാസത്തിലെ അനുഗ്രഹങ്ങളും പ്രയോജനങ്ങളും പരിപൂർണ്ണമായി നേടുന്നതിനായി കഠിനമായി പരിശ്രമിച്ച വിശ്വാസികൾക്കായി ഇന്നത്തെ ഖുത്തുബ സമർപ്പിക്കുകയാണ്. അല്ലാഹുവിന്റെ മുമ്പിൽ അവർ ഒരോരുത്തരും സ്വയം സന്നിഹിതരാകുന്ന ദിനത്തിൽ അവരുടെ എല്ലാ പ്രവർത്തനങ്ങളും അല്ലാഹു (ത) അംഗീകരിച്ച് സ്വീകരിക്കട്ടെ എന്ന് ഞാൻ ആശിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു ഇൻശാ അല്ലാഹ്! അൽഹംദുലില്ലാഹ്! നമ്മുടെ സഹോദരീസഹോദരന്മാരിൽ അനേകർ ഈദുൽഫിത്ർന് ശേഷം ആറ് ദിവസത്തെ നഫ്ൽനോമ്പു അനുഷ്ഠിച്ചിട്ടുണ്ട്. അൽഹംദുലില്ലാഹ്! അവനായി മാത്രം അവർ പ്രകടിപ്പിച്ച സ്നേഹ വായ്പിന് അല്ലാഹു(ത) അർഹമായ പ്രതിഫലം നല്കുമാറാകട്ടെ! ആമീൻ.

ലോകമെങ്ങുമുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ, എന്റെ പ്രിയ അനുചരന്മാരോട് ഞാൻ പറയുവാൻ നിർബന്ധിതനായിരിക്കുന്നു. അതായത് ഞാൻ ഇന്ന് നിങ്ങളുടെ മുൻപാകെ നടത്തുവാൻ ഉദ്ദേശിച്ചിരുന്ന ഖുത്തുബ ഇതല്ലായിരുന്നു. എന്നാൽ ഈ സന്ദേശം അല്ലാഹുവിൽ നിന്ന് നേരിട്ട് എനിക്ക് ലഭിച്ചിരിക്കുന്നു. ഈ

നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ ഇതു സംബന്ധമായി ഞാൻ നിങ്ങളെ അറിയിക്കേണ്ടത് എന്റെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമായിരിക്കുന്നു.

ജൂൺ 18-ാം തീയതി തിങ്കളാഴ്ച ഇശാഅ് നമസ്ക്കരാത്തിന് ശേഷം, ഖുർ ആൻ പാരായണത്തിന് ശേഷം, ഞാൻ വിശുദ്ധഖുർ ആൻ അധ്യായം 3 ആല്ഇംറാൻ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവിന്റെ ഗുണനാമങ്ങളെകുറിച്ച് സ്മരിക്കുകയും ഞങ്ങളുടെ നാഥാ! എന്നാരിഭിക്കുന്ന മറ്റു ദുആകളും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഞാൻ ഉറങ്ങുന്നതിനായി രാത്രി 11.00 മണിയോടു കൂടി കിടക്കയിലേക്ക് പോയി. ഞാനപ്പോൾ ഒരു നല്ല അവസ്ഥയിലായിരുന്നില്ല. എന്റെ വീട്ടിലെ എല്ലാ അംഗങ്ങളും നല്ല നിദ്രയിലാണ്, എന്നെ സംബന്ധിച്ചു പറഞ്ഞാൽ, ഞാൻ മാത്രം ഉണർന്നിരിക്കുന്നു. എനിക്ക് ഒരു സുഖവും അനുഭവപ്പെടുന്നില്ല. ഞാൻ വിയർത്തൊഴികൊണ്ടിക്കുകയായിരുന്നു. ഉത്കണ്ഠ ആവരണം ചെയ്തിരിക്കുന്നു. അതേ അവസ്ഥയിൽ എന്റെ തലയിൽ ഒരു വലിയ ഭാരം എനിക്കനുഭവപ്പെട്ടു. ആ സമയത്ത് സുന്ദരവും മനോഹരവുമായ ഒരു ശബ്ദം എന്നോട് സംസാരിക്കുന്നതായി ഞാൻ കേട്ടു, എനിക്കപ്പോൾ പെട്ടെന്ന് മനസ്സിലായി എനിക്ക് വെളിപാടുകൾ വന്നുകൊണ്ടിരിക്കുകയാണ് എന്ന് ! ഞാൻ കേട്ടു.

അഊദുബില്ലാഹി മിനശ്ശൈയ്ത്താനിർറജീം, ബിസ്മില്ലാഹിർറഹ്മാനിർറഹീം, ഇന്നവഅ്ദല്ലാഹി ഹഖൂൻ ഫലാ തഗർറന്നക്കും അൽഹായത്തുദുൻയാ, വലാ യഗർറന്നക്കും ബില്ലാഹിൽ ഉറൂർ(35:-6) മനുഷ്യരെ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. അതുകൊണ്ട് ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. ആ പരമവഞ്ചകനും(പിശാച്) അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ 35:6

ഈ വചനം എനിക്ക് വെളിപാടായി നല്കിയശേഷം, അല്ലാഹു(ത) എനിക്ക് പലനിലയിലുള്ള കാര്യങ്ങളെകുറിച്ചുമുള്ള വിവരങ്ങൾ നല്കുകയുണ്ടായി. അല്ലയോ മുനീർഅഹ്മദ്അസീം, അമീറുൽ മുഅ്മിനീൻ എന്ന സ്ഥാനം നിനക്ക് നല്കിയതിലൂടെ, ഞാൻ നിന്റെ മേൽ വളരെ വലിയ അനുഗ്രഹമാണ് ചൊരിഞ്ഞിരിക്കുന്നത്. അതിനു ശേഷം നിനക്ക് നാം മുഹ്യിദ്ദീൻ എന്ന സ്ഥാനം നല്കി അനുഗ്രഹിക്കുകയുണ്ടായി. അതിനെ തുടർന്ന് അനേകർ അവരുടെ

കൈകൾ താങ്കളുടെ കൈകളിൽ വെയ്ക്കുകയുണ്ടായി, തീർച്ചയായും അത് താങ്കളുടെ കൈ ആയിരുന്നില്ല മറിച്ച് അത് നമ്മുടെ (അല്ലാഹുവിന്റെ) കൈകളായിരുന്നു. അല്ലാഹുവിന്റെ ഏകത്വത്തിൽ അവരെല്ലാവരും ഒന്നായി ചേരുന്നതിനായി. മറ്റൊരുവാക്കിൽ പറഞ്ഞാൽ അവർ ബൈഅത്ത് ചെയ്യുകയുണ്ടായി. താങ്കളുടെ കൈകളിൽ, താങ്കൾ ഈ നൂറ്റാണ്ടിലെ മുഹ്‌യിദ്ദീൻ ആണെന്ന് അവർ വിശ്വസിച്ചു. അല്ലയോ മുനീർ അഹ്മദ് അസീം, താങ്കളുടെ റബ്ബ് എങ്ങനെയാണ് അവന്റെ ജോലികൾ ചെയ്യുന്നതൊന്നു നോക്കുക. മനുഷ്യൻ അറിയാതെ! അവരെല്ലാം പ്രതീക്ഷിച്ചിരുന്നു മറ്റൊരു പ്രഖ്യാപനത്തിനായി. എന്നാൽ അല്ലാഹു അവന്റെ തന്നെ മഹത്വത്താൽ, അവൻ സ്വയം പ്രത്യക്ഷീഭവിക്കുകയുണ്ടായി, അതിന്റെ ആരംഭം എന്ന നിലയിൽ അമീറുൽ മുഅ്മിനീൻ എന്ന സ്ഥാനപ്പേരോടെ, അതേ തുടർന്ന് മുഹ്‌യിദ്ദീൻ എന്ന സ്ഥാനപ്പേരോടെ, തുടർന്ന് മുസ്ലിഹ് മൗഊദ് തുടർന്ന് ഖലീഫത്തുല്ലാഹ്, ശേഷം മസീഹ് മൗഊദ്, പിന്നീട് മുജദ്ദിദ്, തുടർന്ന് നബിയുല്ലാഹ്, ശേഷം റസൂലുല്ലാഹ്, മനുഷ്യൻ അവന്റെ പദ്ധതികൾ തയ്യാറാക്കുന്നു. അല്ലാഹുവും അവന്റെ പദ്ധതികൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പദ്ധതികൾ ഏറ്റവും നല്ല പദ്ധതി. ഈ ആളുകൾ ദ്വാരമുണ്ടാക്കുകയാണ്. അവരുടെ തലയിൽ എന്താണ് പതിക്കുന്നതെന്ന് അവർക്കറിയില്ല. അല്ലാഹുവിന്റ ദാസനെ അവൻ ഉയർത്തുന്നു. അദ്ദേഹത്തെ പിന്തുടരുന്നവരെയും ഉയർത്തുന്നു. നിന്റെ റബ്ബിന്റെ തീരുമാനത്തെ തടയുന്നവർ ആരുമില്ല. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ കാരണം നിന്റെ രക്ഷിതാവാണ്. ദൈവീക ദൃഷ്ടാന്തം ലോകമെങ്ങും വ്യാപിക്കും മനുഷ്യപ്രയത്നം ഇല്ലാതെ തന്നെ. നിരാശനാകരുത് ക്ഷമാലുക്കളോടൊപ്പം അല്ലാഹു ഉണ്ട്!

ഈ അവസരം നിങ്ങളോടെല്ലാവരോടും പറയുവാൻ ഉപയോഗപ്പെടുത്തുകയാണ്. ഇത് ദൈവീകവെളിപാടിന്റെ ഭാഗമല്ല. എന്നാൽ എന്റെ അനുചരന്മാരെയെല്ലാം ഇതറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകമെമ്പാടും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദിനം തോറും

പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുയാണ്. അതെ തീർച്ചയായും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അനേകർ ഇ-മെയിലുകളും, ഫോൺസന്ദേശങ്ങളും, വാട്സ്പ്പിലൂടെ ചോദ്യോത്തരങ്ങളും അയ്ച്ചുകൊണ്ടിരിക്കുന്നു. എന്റെ അനേകം അനുചരന്മാർ അനേകം ഇ-മെയിലുകൾ മൊബൈൽ സന്ദേശങ്ങൾ. ഫോണിൽ ബന്ധപ്പെടുന്നവരും ഉണ്ട്.നിങ്ങൾ നിരാശരാകരുത് പ്രതീക്ഷനഷ്ടപ്പെടുത്തരുത്. ധൈര്യം ചോർത്തികളയരുത്. ഞാൻ നിങ്ങളുടെ എല്ലാ ഇ-മെയിലുകളും, സന്ദേശങ്ങളും മറ്റും വായിക്കുന്നുണ്ട്. നിങ്ങൾക്ക് മറുപടി നല്കാൻ അല്പം കൂടി എനിക്ക് സാവകാശം തരണം. നിങ്ങൾ നിങ്ങളുടെ ഇ-മെയിലുകളും, സന്ദേശങ്ങളും അയച്ചുകൊണ്ടിരിക്കുക. അവ കിട്ടിക്കഴിഞ്ഞാലുടൻ ഞാൻ പ്രസ്തുത സന്ദേശങ്ങളും വായിക്കുന്നു. ധാരാളമായി ദുആ ചെയ്യുന്നു. മറ്റു രാജ്യങ്ങളിൽ മഹത്തായ ആത്മീയ വിപ്ലവം അരങ്ങേറുകയാണ്. മറ്റു മുസ്ലിം സഹോദരീ സഹോദരന്മാർ ഈ ആത്മീയ നിധിയിൽ ദാഹമുള്ളവരാണ്. എനിക്ക് അവരുടെ മെയിലുകൾക്ക് മറുപടി നല്കേണ്ടതുണ്ട്, സന്ദേശങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം നല്കേണ്ടതുണ്ട്. നിങ്ങൾ എന്റെ അനുചരന്മാരെന്ന നിലയിൽ, അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ, നിങ്ങൾ എന്നെ മനസ്സിലാക്കുക. ഞാൻ വന്നിരിക്കുന്നത് മുഴുവൻ മാനവലോകത്തിനും വേണ്ടിയാണ്, എന്റെ സന്ദേശം മുഴു മാനവകുലത്തിനും വേണ്ടിയാകുന്നു.

ആയതിനാൽ, നിങ്ങൾ നിരാശരാകരുത്, നിങ്ങൾ കോപിക്കരുത്, നിങ്ങളുടെ ഈ-മെയിലും സന്ദേശവും അയയ്ക്കുന്നത് നിർത്തുകയും ചെയ്യരുത്. ഞാൻ വീണ്ടും നിങ്ങൾക്ക് ഉറപ്പുനല്കുന്നു, ഞാൻ അവയെല്ലാം വായിക്കുന്നതാണ്, പെട്ടെന്ന് തന്നെ അതിനെല്ലാം മറുപടി അയയ്ക്കുന്നതാണ്. ഒരു സെക്കന്റ്പോലും, നിങ്ങൾ വിചാരിച്ചുപോകരുത്, ഹുസൂർ നിങ്ങളുടെ സന്ദേശങ്ങൾ ശ്രദ്ധിക്കാതെ ഒരു ഭാഗത്തേക്ക് വലിച്ചെറിഞ്ഞു എന്ന്! മറിച്ച് നിങ്ങൾ ധാരാളമായി ദുആ ചെയ്യുക. അല്ലാഹു(ത) നിങ്ങളിൽ സന്തോഷിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നതിനായി. നിങ്ങൾക്ക് ഈ അനുഗ്രഹം നഷ്ടപ്പെടാതിരിക്കുവാനായി ഈ വിഷയം സംബന്ധമായി ഈ പറഞ്ഞ കാര്യങ്ങൾ എന്റെ വാക്കുകളാകുന്നു.

**ഇനി അല്ലാഹുവിന്റെ സന്ദേശം ഇതാ തുടരുന്നു**

ഹേ! ഖലീഫത്തുല്ലാ! അല്ലാഹു(ത) താങ്കൾക്കും താങ്കളുടെ അനുയായികൾക്കും, അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാനായി അനേകം അവസരങ്ങൾ നല്കിയിരിക്കുകയാണ്. ഇന്ന് അറിവില്ലാത്ത ജനങ്ങൾ താങ്കളെയും താങ്കളുടെ അനുചരന്മാരെയും അപമാനിതരാക്കുകയാണ്. നിങ്ങൾ ഒരു വിഷമസന്ധിയിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എല്ലാ വഴികളിലും ജനങ്ങൾ നിങ്ങളെ അപമാനിക്കുകയാണ്. നിങ്ങൾ അപമാനങ്ങൾ ഏറ്റുവാങ്ങുകയാണ്, നിസ്സഹരണത്തെ നേരിടുകയാണ്, രക്തബന്ധത്തെ മുറിച്ചുകളയുകയാണ്, തങ്ങളുടെ രക്ഷിതാക്കളിൽ നിന്നും കുട്ടികളെ വേർപ്പെടുത്തുന്നു. നിങ്ങളുടെ രക്തബന്ധുക്കളുടെ ഹൃദയങ്ങളിൽ നിങ്ങൾക്കെതിരിൽ ശത്രുത കുത്തി നിറയ്ക്കുകയാണ്, നിങ്ങൾ ദൈവീകദൃഷ്ടാന്തത്തിലും അല്ലാഹുവിന്റെ ഖലീഫയിലും വിശ്വസിച്ച കാരണത്താൽ! ഈ കുറ്റകരമായ കൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവർ, അവർ കരുതുന്നത് അവർ ഇസ്ലാമിന് വേണ്ടി വളരെ വലിയ കാര്യങ്ങളാണ് ചെയ്യുന്നതെന്നാണ്! അവർ ഇത് ചെയ്യുന്നത് അവരുടെ അമീർമാരെ തൃപ്തിപ്പെടുത്തുവാനാണ്, മുല്ലാക്കളെ തൃപ്തിപ്പെടുത്തുവാനാണ്, അഥവാ അവരുടെ ഖലീഫയെ തൃപ്തിപ്പെടുത്തുവാനാണ്, (അതായത് അവർ തെരഞ്ഞെടുത്ത അവരുടെ ഖലീഫ) ആയതിനാലാണ് ഈ അനീതിയെല്ലാം അവർ നിങ്ങളോടു ചെയ്യുന്നത്. അല്ലാഹു(ത) നിങ്ങളെ പരീക്ഷണ വിധേയമാക്കുകയാണ്. അക്കാരണത്താൽ നിങ്ങൾക്ക് പറയുവാൻ സാധിക്കും, നിങ്ങൾ എല്ലാ നിലയിലും പരിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന്! നിങ്ങൾ കരുതുന്നുണ്ടോ, നിങ്ങൾ അല്ലാഹുവിന്റെ ഖലീഫയിൽ വിശ്വസിച്ചിരിക്കുന്നു, ദൈവീകദൃഷാടന്തത്തിൽ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ, വെളിപാടുകളിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ, നിങ്ങളെ പരീക്ഷണവിധേയമാക്കുകയില്ല എന്ന്!

നിങ്ങളുടെ വിശ്വാസം ദൃഢതരമെങ്കിൽ, കോൺക്രീറ്റ് പോലെ ഉറപ്പുള്ളതാണെങ്കിൽ, ഒരല്പസമയം പോലും, നിങ്ങൾ വിജയിക്കുകയില്ല, എന്ന് നിങ്ങൾ ചിന്തിക്കുയില്ല. അല്ലാഹുവിന്റെ വാക്കുകളിൽ നിങ്ങൾ വിശ്വസിച്ച് ഭരമേല്പിക്കുക. നിങ്ങൾ ഭയപ്പെടരുത്.

നിങ്ങൾ മനസ്സിലാക്കുക സമയാസമയങ്ങളിൽ നിങ്ങൾ പരീക്ഷണത്തിന് വിധേയമാകേണ്ടി വരും. അപ്പോൾ മാത്രമെ നിങ്ങളുടെ രക്ഷിതാവിന്, ദൈവീക ദൃഷ്ടാന്തങ്ങളിലെ സത്യവാന്മാരെയും കപടവിശ്വാസികളെയും തിരിച്ചറിയുവാൻ സാധിക്കുകയുള്ളൂ. കപട വിശ്വാസികൾ നല്ലവരായിമൂടുപടമിട്ടവരാണ്. എന്നിട്ട് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ വിവരങ്ങളും ശേഖരിച്ച്, ശത്രുക്കൾക്ക് കൈമാറുന്നു. കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിവേണ്ടി, അത്തരം കപടവിശ്വാസികൾ നിങ്ങളുടെ വിശ്വാസം നേടുന്നതിനായി ശ്രമിക്കുന്നതാണ്. അതോടൊപ്പം മറ്റു ജമാഅത്തുകളുടെ/സംഘങ്ങളുടെ വിശ്വാസം നേടുന്നതിനായും ശ്രമിക്കുന്നതണ്. അവരുടെ പ്രവർത്തനങ്ങൾ കാരണം അല്ലാഹു(ത) അവരെ കാപട്യത്തിലേക്ക് തന്നെ മടക്കി അയയ്ക്കുന്നതാണ്.

നിങ്ങളോടൊപ്പം കുറെകാലം ഉണ്ടായിരിക്കുന്നവരും, എന്നിട്ട് അതിന് ശേഷം മറുകണ്ടം ചാടുകയും ചെയ്തവരെ കരുതിയിരിക്കുക, അവർ നമ്മുടെ അംഗങ്ങളിൽ കൊള്ളാത്ത കാര്യങ്ങൾ വല്ലതുമുണ്ടോ എന്ന് തേടി നടക്കുന്നവരാണ് അഥവാ രണ്ട് അമീർമാർക്കിടയിൽ നടക്കുന്നവരാണ്, എന്നിട്ട് കുഴപ്പങ്ങൾ സൃഷ്ടിക്കുന്നവരാണ്. എന്നിട്ട് അവർ പറയും ഇത് ഒരു മോശം ജമാഅത്താണ് (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) ഇത്തരം കപടവിശ്വാസികൾ എല്ലാത്തരം തെറ്റായ കാര്യങ്ങളും തേടി നടക്കുന്നവരാകുന്നു. അവരുടെ തലയിൽ എല്ലാതരം സംശയങ്ങളും ചോദ്യങ്ങളും മാത്രമെ എപ്പോഴും ഉണ്ടായിരിക്കുകയുള്ളൂ. അവർ സമ്പൂർണ്ണമായും നിലംപൊത്തിയവരാണ്. അവർ അവരുടെ തന്നെ നാശത്തിനെ കൊണ്ടുവരുന്നവരാണ്; എന്നാൽ അവർക്ക് അല്ലാഹുവിനോ അവന്റെ ഖലീഫത്തുല്ലായ്ക്കോ ഒരുപോറലുമേല്പിക്കുവാൻ സാധിക്കുകയില്ല. അവരുടെ ദുഷ്ചെയ്തികൾ ഒടുവിൽ അവരെ ജ്വലിക്കുന്ന അഗ്നിയിലേക്ക് നയിക്കുന്നതാണ്.

സന്ദേശം തുടരുന്നു അല്ലാഹു(ത) അവന്റെ വാക്കുകളെ ശക്തിമത്തായ നിലയിൽ ചൊരിയുകയാണ് പ്രസ്തുത അവസ്ഥയിൽ ഒരുവൻ ഭയത്താൽ വിറച്ചുപോകുന്നതാണ്, അവൻ അല്ലാഹു(ത) പറയുന്നു. ചിലർ ദൈവീക അടയാളങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു.അതിനുശേഷം അഹംഭാവം നടിച്ച് അവർ അതിൽ

നിന്നും പിന്തിരിയുന്നു. അവർക്കുള്ള ശിക്ഷ അവിശ്വാസികൾക്കുള്ളതിന്റെ ഇരട്ടിയാണ്. അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവർ എല്ലാ രീതിയിലുള്ള പരീക്ഷണങ്ങളും ഉണ്ടെങ്കിലും, അവർ ക്ഷമകൈകൊള്ളുകയും എന്തുതന്നെ ആയാലും വിശ്വാസത്തിൽ ഉറച്ചു നില്ക്കുകയും ചെയ്യുന്ന കാരണത്താൽ, അവർ ഒടുവിൽ വിജയശ്രീലാളിതരായിതീരുന്നതാണ്. അവർക്കായി ശ്രേഷ്ഠതയുടെയും അനുഗ്രഹത്തിന്റെയും വാതായനങ്ങൾ വിശാലമായി തുറക്കപ്പെടുന്നതാണ്. അതവർക്ക് ലഭിക്കുന്നുമാണ്. അല്ലാഹു(ത) വാഗ്ദാനം ചെയ്യുന്നു നിങ്ങളെ അവൻ അവഗണിക്കില്ല കാരണം നിങ്ങൾ കടന്നുപോകുന്ന അഗ്നി പരീക്ഷണങ്ങളെ, നിങ്ങൾ, അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമായി കാണുന്നവരാണ്. ഓരോ നൂറ്റാണ്ടുകളിലും, ക്ഷമയോടെ ഇത്തരം പരീക്ഷണങ്ങളെ നേരിട്ടവർ, അവരുടെ നാമം അനുസ്മരിക്കപ്പെടുന്നു. അവരുടെ ഭൂമിയിലെ മരണത്തിന് ശേഷവും ഇത്തരം ആളുകൾ ഇന്നും ജീവിച്ചിരിക്കുന്നു, വിശ്വാസികൾ അവരുടെ നാമം ആദരപൂർവ്വം അനുസ്മരിക്കുന്നു. വിധി നാൾവരേക്കും അവർ ആദരിക്കപ്പെടുന്നവർ തന്നെയാണ്.

ഈ നൂറ്റാണ്ടിലും ഇത്തരം ആളുകൾ ഉണ്ടാകുന്നതാണ്. പരീക്ഷണങ്ങൾക്ക് വിധേയമാകുമ്പോൾ അവരുടെ നാമങ്ങൾ സുവർണ്ണലിപികളിൽ രേഖപ്പെടുത്തുന്നതാണ്. ആയതിനാൽ, നിങ്ങളുടെ രക്ഷിതാവ് നിങ്ങളെ തിരഞ്ഞെടുത്തു എങ്കിൽ, ഈ പരീക്ഷണങ്ങളെയൊക്കെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുക.

എല്ലാ സ്ഥാനപേരുകൾക്കും, ഖലീഫത്തുല്ലാഹ്, മുജദ്ദിദ്, മസീഹ് മൗഊദ്, നബിയുല്ലാഹ്, റസൂലുല്ലാഹ് തുടങ്ങിയവ, എന്റെ തെരഞ്ഞെടുത്ത ദാസന് ഞാൻ നല്കിയതാണ്. എന്നിൽ നിന്നുമാണ് വന്നത്, ഈ സ്ഥാനപ്പേരുകൾ എന്റെ പ്രിയ ദാസന് ഞാനാണ് നല്കിയത്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ലോകമെങ്ങുമുള്ള അംഗങ്ങളോട് പറയുക. ഞാൻ അവരോടൊപ്പമുണ്ട്. അവർ എന്റെ ദൃഷ്ടാന്തങ്ങളിൽ നിഷ്ക്കളങ്കതയും, വിശ്വസ്തതയും പുലർത്തുവാൻ പറയുക. അവർ നന്ദികേട് കാണിക്കരുത്. കപടവിശ്വാസികളാകരുത്. പീഢനങ്ങൾ ഏറ്റുവാങ്ങേണ്ടി വരുമ്പോൾ എന്റെ ദൃഷ്ടാന്തങ്ങളിൽ

നിന്ന് പിന്തിരിഞ്ഞു പോകരുത്. അവരെ അറിയിക്കുക. എന്റെ ശിക്ഷ കഠിനകഠോരമാണ്. അവിശ്വാസിക്ക് നല്കുന്നതിനേക്കാൾ കഠിനതരമായിരിക്കും.

ഈ ലോകത്ത് കണ്ടെത്തിയ മുത്തുകളാണ് നിങ്ങൾ. തീർച്ചായും നിങ്ങൾ ഭാഗ്യവന്മാരാണ്. കാരണം നിങ്ങൾ അത്തരം ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നത്. നിങ്ങളുടെ റബ്ബ്, അവന്റെ തെരഞ്ഞെടുത്ത ദാസനോട് സംസാരിച്ചുകൊണ്ടിരിക്കുന്ന കാലം. നിങ്ങൾ പന്നികളുടെ കൺമുമ്പിലുള്ള മുത്തുകൾ പോലെയാണ്. പന്നികൾക്ക് കൺമുമ്പിലുള്ള മുത്തുകളുടെ യഥാർത്ഥമൂല്യം അറിയുകയില്ലല്ലോ. എന്നാൽ അല്ലാഹുവിന്റെ നോട്ടത്തിന്റെ മുൻപിൽ, നിങ്ങൾ പ്രഭചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്, നിങ്ങൾ എവിടെ പോയാലും അല്ലാഹുവിന്റെ നിഴൽ പ്രഭചൊരിഞ്ഞുകൊണ്ടിരിക്കുന്നതാണ്. നിങ്ങൾ നിങ്ങളുടെ റബ്ബിനെ തേടുക. ഇഹലോകത്തായാലും പരലോകാത്തായാലും! നിങ്ങളിൽ ഏറ്റവും ഉത്തമൻ, നിങ്ങളിൽ ഏറ്റവും കൂടുതൽ ക്ഷമയുള്ളവനാകുന്നു. അവൻ അവന്റെ രക്ഷിതാവിനെ മാത്രം ഭയപ്പെടുന്നവനുമാകുന്നു. നിങ്ങളുടെ ഹൃദയങ്ങളെ വൃത്തിയാക്കുക,ഒരു കണ്ണാടിയെപോല, അപ്പോൾ അല്ലാഹുവിന്റെ പ്രകാശം അവയിൽ പ്രതിബിംബിക്കുന്നതു കാണാം. ഇത്തരം ഹൃദയങ്ങൾ ഈ ഭൗതിക ലോകത്തിൽ ബന്ധിതമായിട്ടുള്ളതായിരിക്കില്ല. ഇൻശാഅല്ലാഹ്. നിങ്ങളോടെല്ലാമുള്ള എന്റെ സ്നേഹം വളരെ വലുതാണ്. എന്നാൽ നിങ്ങൾ എന്റെ സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിൽ വളർത്തിയെടുക്കണം. അവിടെ എന്റെ സാമീപ്യം നിങ്ങൾ അനുഭവിച്ചറിയണം. അതെ വളരെ സമീപത്താണ് എന്നറിയണം. നിങ്ങൾ സ്വയം നോക്കുക, നിങ്ങൾ സ്വയം മനസ്സിലാക്കാൻ ശ്രമിക്കുക. അപ്പോൾ നിങ്ങൾക്ക് എന്നെ കാണാൻ സാധിക്കും. നിങ്ങൾ വളരെയധികം ഈ ഭൗതികലോകത്തെ കണ്ട് ഭ്രമിച്ചിരിക്കുകയാണ്. ഇത് നിങ്ങളുടെ കണ്ണുകളിൽ മറയിട്ടിരിക്കുകയാണ്. അത് എന്നെ നിങ്ങൾക്ക് കാണുന്നതിൽ നിന്നു മറയിട്ടിരിക്കുകയാണ്. ഈ മറ നീക്കുന്നതിൽ നിങ്ങൾ വിജയിക്കുകയാണെങ്കിൽ, അഥവാ ഈ മറയെ പിന്നിലേക്ക് വലിച്ചുമാറ്റുവാൻ സാധിക്കുന്നതായാൽ, അപ്പോൾ നിങ്ങൾ തീർച്ചയായും എന്നെ കാണുക തന്നെ ചെയ്യും. നിങ്ങളുടെ സമീപത്തു തന്നെ.

എന്നാൽ ഈ മറ നീക്കുന്നതിനാവശ്യമായ പ്രയത്നം നിങ്ങൾ ചെയ്യുന്നില്ല, ഞാൻ ഇവിടെ തന്നെയുണ്ട്, ഒരു ഉറവിടം പോലെ, നിസ്സാരമായി വെള്ളം ഒഴുകുന്നതിനാവശ്യമായ പ്രയത്നങ്ങൾ നിങ്ങൾ അവിടെ ചെയ്യേണ്ടതുണ്ട്. അപ്പോൾ നിങ്ങൾക്കത് എത്തിപ്പിടിക്കുവാൻ സാധിക്കുന്നതാണ്. അതിലൂടെ നിങ്ങൾക്ക് നിങ്ങളുടെ ദാഹശമനം നടത്താവുന്നതാണ്. അല്ലാഹുവിനോടുള്ള ഭയം, അല്ലാഹുവിനോടുള്ള അനുസരണം നിങ്ങൾ മുളപ്പിച്ചെടുക്കുക. അപ്പോൾ നിങ്ങൾക്ക് അനുഗ്രഹങ്ങളാൽ നിറയപ്പെട്ട സമാധാനപൂർണ്ണമായ ഒരു ജീവിതം നിങ്ങൾക്കുണ്ടാകുന്നതാണ്.

നിങ്ങളിലോരുത്തരും അങ്ങേയറ്റം വിനയമുള്ളവരായിരിക്കണം. നിങ്ങൾ വിനയത്തെ അങ്കുരിപ്പിക്കുക. നിങ്ങൾ ചാരവൃത്തി ചെയ്യരുത്. നിങ്ങൾ നിങ്ങളുടെ തലയിൽ സംശയങ്ങൾ കുത്തിനിറയ്ക്കരുത്. കാരണം സംശയം ഹൃദയത്തിൽ ശത്രുത വളർത്തുന്നതാണ്. അത് നിങ്ങളെ നാശത്തിലേക്ക് കൊണ്ടെത്തിക്കും. ഒരാൾക്ക് സത്യം എന്താണെന്നറിയില്ലെങ്കിൽ, സംശയങ്ങൾ അവന്റെ മനസ്സിനെ അതിജയിക്കും. സംശയം ഗുരുതരമായ ഒരു രോഗമാണ്. അത് നിങ്ങളുടെ നല്ല പ്രവർത്തനങ്ങളെ കരിച്ചുകളയുന്നതാണ്. എന്നിട്ട് നിങ്ങളെ അത് ജ്വലിക്കുന്ന അഗ്നിയിലേക്ക് നയിക്കുന്നതാണ്. സംശയം വിശ്വാസത്തെ ഇല്ലായ്മ ചെയ്യുന്നു. വീട്ടിലെ അംഗങ്ങളുമായുള്ള ബന്ധം ശിഥിലമാക്കുന്നു, കുടുംബം നശിപ്പിക്കുന്നു, സമൂഹത്തെ ദുഷിപ്പിക്കുന്നു, വിപ്ലവം ഉടലെടുക്കുന്നു, പ്രതികാരാഗ്നി ആളികത്തിക്കുന്നു.

അല്ലയോ! എന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസാ! നിങ്ങളുടെ ആത്മാർത്ഥ അനുചരന്മാരോട് പറയുക, നിങ്ങൾ സംശയത്തിൽ നിന്നും ദൂരപ്പെട്ടു നില്ക്കുക.നിങ്ങൾ പരസ്പരം ഐക്യത്തിൽ, രമ്യതയിൽ വസിക്കുക. നിങ്ങളിൽ ഒരാൾ വിഷമങ്ങൾ അനുഭവിക്കുന്നുവെങ്കിൽ, അവന്റെ വേദനകൾ നിങ്ങളിലൊരോരുത്തരിലും വന്നു ചേരണം. അവനു വേണ്ടി ധാരാളമായി ദുആ ചെയ്യുക. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഒരു കുടുംബമാണ്. അതിൽ നിങ്ങളെല്ലാവരും ഒരു കുടുംബമായി കഴിയേണ്ടതാണ്. നിങ്ങളിൽ ഒരു ഭിന്നതയും ഉണ്ടാകരുത് അഥവാ ഒരാൾ മറ്റൊരാളോട് അസൂയാലു

വാകരുത്. എന്റെ ജമാഅത്തിലെ സഹോദരീ സഹോദരന്മാരെ പറ്റി മോശമായി ഒന്നും സംസാരിക്കരുത്. എന്റെ ഖലീഫത്തുല്ലാഹ് നിങ്ങളുടെ ഇടയിലുണ്ട്? നിങ്ങളുടെ സൗഹൃദത്തിന്റെ ബന്ധങ്ങൾ നിങ്ങളിൽ ശക്തിപ്പെടുത്തുന്നതിനായി! സ്നേഹത്തിന്റെ സമ്പുഷ്ട സ്തംഭം അരക്കിട്ടുറപ്പിക്കാനായി. നിങ്ങൾ കുറച്ചുപോരെ ഉള്ളു എന്ന് കരുതരുത്! നിങ്ങളുടെ എണ്ണം വർദ്ധിക്കുന്നതാണ്! നിങ്ങളിൽ ഇത്തരം ചിന്തകൾ ഉണ്ടാകരുത്. നിങ്ങളുടെ രക്ഷിതാവിൽ നിങ്ങളെ ഭരമേല്പിക്കുക. ഇന്നു മുതൽ നിങ്ങളുടെ ഭവനങ്ങൾ വിശാലമാകുന്നതാണ്. വിപുലപ്പെടുന്നതാണ് വിദൂരങ്ങളിൽ നിന്ന് നിങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും അന്വേഷിച്ചുകൊണ്ട് ആളുകൾ വരുന്ന ദിനങ്ങൾ ഇതാ സമാഗതമായിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ അറിയട്ടെ, പ്രപഞ്ചരക്ഷിതാവിനെയും അവന്റെ ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായെയും! ഞാൻ നിങ്ങൾക്ക് ഒരുറപ്പുനല്കുകയാണ്. നിങ്ങൾ ഓരോരുത്തരും ഒരു സംശുദ്ധ ഹൃദയം കാത്തുസൂക്ഷിക്കുകയാണെങ്കിൽ തഖ്വയോടെ നിങ്ങൾ എന്നിലേക്ക് തിരിയുകയാണെങ്കിൽ, അവൻ തീർച്ചയായും എന്നെ കാണ്ടെത്തുന്നതാണ്. അവൻ എവിടെ പോയാലും എന്റെ നിഴൽ അവനെ സംരക്ഷിക്കുന്നതാണ് അവനെ സ്പർശിക്കുവാൻ ഒരാൾക്കും കഴിയുകയില്ല.

ഖലീഫത്തുല്ലാഹ്! അല്ലാഹു(ത) യുടെ സന്ദേശമാണ് നല്കിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ദൗത്യം നിങ്ങളെ അല്ലാഹുവിനോട് ചേർത്തു നിർത്തുക എന്നതാണ്. നിങ്ങൾ ഇഹലോകത്ത് മരണപ്പെടുന്നതിന് മുൻപായി! അങ്ങനെയായാൽ നിങ്ങൾക്ക് ദൈവീകമായി മാപ്പ് ലഭ്യമാകുന്നതാണ്. അദ്ദേഹത്തിന്റെ ദൗത്യം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമീൽ നിന്ന് ജനങ്ങളെ പുറത്താക്കുക എന്നതല്ല. ജമാഅത്തുസ്സഹീഹിൽഇസ്ലാമിൽ നിന്ന്, കപട വിശ്വാസികളെ പുറത്താക്കുന്നത്, കുറ്റവാളികളെ പുറത്താക്കുന്നത്, എല്ലാ നിലയിലുമുള്ള കുഴപ്പകാരികളെ പുറത്താക്കുന്നത്, മറ്റുള്ളവരുടെ മനസുകളിൽ വെറുപ്പും വിദ്വേഷവും കുത്തിവെയ്ക്കുന്നവരെ പുറത്താക്കുന്നത്,അല്ലാഹു തന്നെയാണ്! അല്ലാഹു തന്നെയാണ് ഇവരെ, ഇത്തരം ആളുകളെ, ഓടിച്ചു പുറത്താക്കുന്നതും, സ്വാത്വികരായ ആളുകളുടെ ഇടയിൽ നിന്നും, സത്യാന്വേഷകരായ ആളുകളുടെ ഇടയിൽ നിന്നും അവരെ നീക്കം ചെയ്യുന്നതും! അല്ലാഹു(ത)

അവൻ തന്നെയാണ് അവർക്ക് ഇതിനെ അനുവാദം നല്കുന്നത്, ഇത് വളരെ ഗുരുതരമായ അവസ്ഥയാണ്, അല്ലാഹു(ത) ഇഹലോകത്ത് വെച്ചു തന്നെ അവർക്ക് അനുവാദം നല്കിയിരിക്കുന്നു, അവരെ പുറ ത്താക്കുന്നു ഈ ദൈവീക പ്രതിഭാസത്തിൽ നിന്ന്! അവരെ അവന്റെ ഖലീഫത്തുല്ലായിൽ നിന്നും ദൂരേയ്ക്ക് വലിച്ചെറിഞ്ഞിരിക്കുന്നു.

അല്ലയോ! അല്ലാഹു തെരഞ്ഞെടുത്തവരെ! എന്റെ ഖലീഫ ത്തുല്ലായെ സ്വീകരിച്ചവരെ! അല്ലാഹുവിന്റെ പാതയിൽ നിങ്ങൾ ഉറച്ചു നില്ക്കുക. നിങ്ങൾ പരീക്ഷണങ്ങളിൽ പതറിപോകരുത്! അല്ലാഹു( ത) അവന്റെ ഇഷ്ടദാസന്മാർക്ക് പരീക്ഷണങ്ങൾ നല്കുകയാണെങ്കിൽ അത്തരം പരീക്ഷണങ്ങൾ നീക്കം ചെയ്യുന്നതും അല്ലാഹു താൻ തന്നെ ആയിരിക്കും! പരീക്ഷണങ്ങൾ നിങ്ങളെ നിങ്ങളുടെ റബ്ബിനോടു ചേർത്തുനിർത്തുവാൻ വേണ്ടിയുള്ളതാകുന്നു. അല്ലാഹു(ത) അവന്റെ ദാസന്മാരോട് പ്രത്യേക താത്പര്യമുള്ളവനാണ്. (അതായത് അവർ അവനെ ആരാധിക്കുന്നതിൽ നിന്ന് പിന്തിരിയുകയും മറ്റുള്ളവരെ അനു സരിക്കുകയും ചെയ്യുമ്പോൾ) അത്തരം സന്ദർഭങ്ങളിൽ അവർക്ക് പരീ ക്ഷണങ്ങൾ നല്കുന്നു. അങ്ങനെ അവർ അവനെ മറന്നു പോകാതി രിക്കാൻ വേണ്ടി. അതുകൊണ്ട് നിങ്ങൾ എന്നെ (അല്ലാഹുവിനെ) മാത്രം ആരാധിക്കുക. നിങ്ങൾ സമ്പൂർണ്ണമായും എന്നിലേക്ക് തിരി യുക.

ദൈവീക വെളിപാടുകൾ, തഹജ്ജുദ് നമസ്ക്കാര സമയം വരെ, രാവിലുടനീളം തുടർന്നു കൊണ്ടിരുന്നു. 2018 ജൂൺ 19 ചൊവ്വാഴ്ച രാവിലെ 10.35 ഓടുകൂടി അല്ലാഹുവിൽ നിന്നുള്ള മററു സന്ദേശങ്ങൾ എനിക്ക് വന്നുകൊണ്ടിരുന്നു. അതിനായി പ്രാർത്ഥി ക്കുക. ഇൻശാഅല്ലാഹ് അതും ഞാൻ നിങ്ങൾക്കായി വെളിപ്പെടുത്തു ന്നതാണ്.

പ്രസ്തുത ദൈവീക വെളിപാടുകളുടെ ഈ കുറിപ്പോടെ എന്റെ വെള്ളിയാഴ്ച പ്രസംഗത്തിന് വിരാമമിടുന്നു. എന്റെ അനുചരന്മാർക്കും, അവരുടെ രക്ഷിതാവ് നല്കിയ, ഈ അധ്യാപനങ്ങളെ പ്രവർത്തിപഥ ത്തിൽ കൊണ്ടുവരാൻ അല്ലാഹു (ത) സഹായിക്കട്ടെ! നിങ്ങൾ സ്ഥിര ചിത്തരായി നിലകൊള്ളുക. ദൃഢമാനസരായിരിക്കുക, അല്ലാഹുവിന്റെ പാതയിൽ ഉറച്ചു നിലക്കുക. അങ്ങനെ ആയാൽ ഇൻശാഅല്ലാഹ്, നിങ്ങൾക്ക് അല്ലാഹുവിനെ തന്നെ പ്രതിഫലമായി ലഭിക്കുന്നതാണ്.

ആമീൻ സുമ്മ ആമീൻ.

അല്ലാഹു (ത) നിങ്ങളുടെ ഹൃദയങ്ങളെ സംരക്ഷിക്കട്ടെ. ആത്മീമായി നിങ്ങളുടെ ആത്മാക്കളെയും ഹൃദയങ്ങളേയും അവൻ മരിപ്പിക്കാതിരിക്കട്ടെ. കാപടൃത്തിൽ നിന്നും അല്ലാഹു നിങ്ങളെ സംരക്ഷിക്കട്ടെ. നിരാശയിൽ നിന്നും അവൻ രക്ഷിക്കട്ടെ. ഇല്ലെങ്കിൽ അത് നിങ്ങളുടെ വിശ്വാസത്തിന് ക്ഷതമേല്പിക്കുന്നതാണ്. അല്ലാഹു (ത) നിങ്ങളുടെ ഹൃദയങ്ങളെ നേർപാതയിലൂടെ നയിക്കട്ടെ. അപ്പോൾ നിങ്ങൾക്ക് അല്ലാഹുവിന്റെ യാത്രാസംഘത്തോടൊപ്പം സഞ്ചരിക്കുവാൻ സാധിക്കുന്നതാണ്. ആ സംഘം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമാണ്. ഈ വിനീത സേവകനുമായി പറ്റി ചേർന്ന് നില്ക്കുക, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫത്തുല്ലായോടൊപ്പം ഇൻശാ അല്ലാഹ് ! ആമീൻ.

തീർച്ചയായും! നാം ഒന്നായി ചേർന്നാൽ അല്ലാഹുവിന്റെ ജോലികൾ നമുക്ക് ഏറ്റവും നല്ലനിലയിൽ ചെയ്യുവാൻ സാധിക്കുന്നതാണ്. ഭിന്നിപ്പ് ശത്രുതയ്ക്കും, സംശയത്തിനും, അസൂയയ്ക്കും വേദി ഒരുക്കുന്നു. അതിനാൽ അല്ലാഹുവിനെ ഭയപ്പെടുക നിങ്ങളുടെ സഹോദരീ സഹോരന്മാരുമായുള്ള സാഹോദര്യം ശക്തിപ്പെടുത്തുക. ജമാഅത്തിലുള്ള സഹോദരീ സഹോദരന്മാരുമായുള്ള ബന്ധം ഊട്ടിഉറപ്പിക്കുക. അതിലൂടെ ഇസ്ലാമിന്റെ ഐകൃത പുനർജനിക്കട്ടെ! ഇൻശാ അല്ലാഹ്! നാമെല്ലാം ഒന്നായി ചേർന്ന് അല്ലാഹുവിന്റെ അനുകമ്പാപൂർണ്ണമായ മേൽനോട്ടത്തിൽ വിജയത്തിലേക്ക് മുന്നേറാം. ഇൻശാഅല്ലാഹ്! ആമീൻ യാറബ്ബൽ ആലമീൻ.

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in